## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1906** **22.03.2012 ൽ മറുപടിക്ക്**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ പരിസ്ഥിതി പഠനം

**ചോദ്യം**

ശ്രീ. പാലോട് രവി:
ശ്രീ.വി.ഡി.സതീശൻ :
ശ്രീ. എം.പി.വിൻസന്റ് :
ശ്രീ.ലൂഡി ലൂയിസ് :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ) | കേന്ദ്ര പരിസ്ഥിതി വകുപ്പ് Site Specification ToR അംഗീകരിച്ചതിനെത്തുടർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ പരിസ്ഥിതി പഠനം 2011 ജൂലൈ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. എല്ലാ സീസണുകളും ഉൾക്കൊണ്ടുള്ള ഒരു വർഷം നീളുന്ന പരിസ്ഥിതി പഠനം കേന്ദ്ര സർക്കാർ അംഗീകൃത ഏജൻസികളായ ഏഷ്യൻ കൺസൾട്ടിംഗ് എൻജിനിയേഴ്സും L & T റാംബോളും സംയുക്തമായി നടത്തിവരുന്നു. |
| ബി | വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ മുന്നോടിയായുള്ള പരിസ്ഥിതി പഠനം എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | ബി | പരിസ്ഥിതി പഠനം 2012 ജൂൺ 30 നു പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി | ഏത് ഏജൻസിയാണ് പരിസ്ഥിതി പഠനം നടത്തുന്നത് ; പഠന സംഘത്തെ സംസ്ഥാന സർക്കാരിന്റെ വിദഗ്ദ്ധർ സഹായിക്കുന്നുണ്ടോ ; ഇതിനു വേണ്ടിവരുന്ന ചെലവ് എത്രയാണ് ; വ്യക്തമാക്കുമോ ; | സി | തുറമുഖ നിർമ്മാണം സംബന്ധിച്ച പാരിസ്ഥിതികാഘാത പഠനം പദ്ധതിയുടെ ഉപദേശകരായ IFC മുഖാന്തിരം ഏഷ്യൻ കൺസൾട്ടിംഗ് എൻജിനിയേഴ്സും പദ്ധതിയുടെ റോഡ്/റെയിൽ/അനുബന്ധ സൗകര്യങ്ങൾ മുതലായവ സംബന്ധിച്ച പാരിസ്ഥിതികാഘാത പഠനം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മുഖാന്തിരം L & T റാംബോളും സംയുക്തമായി നടത്തിവരുന്നു. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിലെ എൺവയോൺമെന്റ് ഹെഡ് ശ്രീ.അജിത്.എസ്. പരിസ്ഥിതി പഠനത്തിനു മേൽനോട്ടം |

| | | | |
|---|---|---|---|
| | | | വഹിക്കുന്നു. പ്രസ്തുത പാരിസ്ഥിതിക പഠനത്തിനായി 60.75 ലക്ഷം രൂപയും ഇതോടനുബന്ധിച്ച സാങ്കേതിക പഠനത്തിന് ( മോഡലിംഗ് /തീരദേശ വ്യതിയാനങ്ങൾ സംബന്ധിച്ച് ) 26 ലക്ഷം രൂപയും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മുഖാന്തിരം ചെലവ് വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| ഡി | പരിസ്ഥിതി പഠന റിപ്പോർട്ടിന് അംഗീകാരം നൽകേണ്ടത് ഏത് ഏജൻസിയാണ് ; ഇത് അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി | കേന്ദ്ര സർക്കാരിലെ വനം പരിസ്ഥിതി വകുപ്പു മന്ത്രാലയമാണ് പദ്ധതിയുടെ പാരിസ്ഥിതിക പഠന റിപ്പോർട്ടിന് അംഗീകാരം നൽകേണ്ടത്. ഇപ്പോൾ നടന്നുവരുന്ന ഒരു വർഷം നീളുന്ന പാരിസ്ഥിതികാഘാത പഠനം 2012 ജൂൺ മാസത്തിൽ പൂർത്തിയാക്കി 2012 ആഗസ്റ്റ് മാസത്തിൽ പബ്ലിക് ഹിയറിംഗ് നടത്തി 2012 സെപ്റ്റംബർ മാസത്തിൽ പാരിസ്ഥിതികാനുമതിയ്ക്കായി കേന്ദ്ര മന്ത്രാലയത്തെ സമീപിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**